കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 4/247/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –28/03/2019

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു

മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി 4/247/19 തീയതി:28/3/2019

## കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-4-17 മുതൽ 19-12-18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.പി.മാത്യൂറോയി, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20-12-2018 മുതൽ 29-12-2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അമ്പിളി.എം.ഡി. | ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) |
| | ശ്രീ.ശശിജോഷ്.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അജ്മൽ.എ.എസ് (26.12.18 - 29.12.18) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.പത്മകുമാരി.എൽ 20.12.18 - 24.12.18 | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുബി.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജമീലബീവി.എം | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.വിജയൻ | 01-04-17മുതൽ 31-3-18വരെ |
| സെക്രട്ടറി | ശ്രീ. എം.ജ്യോതിരാജ്. | 01-04-17മുതൽ 31-3-18വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി. സെക്രട്ടറി | ശ്രീ.ബി.വിനയകുമാർ | 1-04-17 മുതൽ 31-03-18 വരെ |
| അസി. എഞ്ചിനീയർ | ശ്രീ. വിഷ്ണു.ആർ | 1-04-17 മുതൽ 31-03-18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റീജാ.എസ്.ധരൻ | 1-04-17 മുതൽ 31-3-18 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. ജമീല | 1-04-17 മുതൽ 31-07-17 വരെ |
| | ശ്രീമതി. ജയ | 1-08-17 മുതൽ 30-8-17 വരെ |
| | ശ്രീമതി.ആനി.എൽ.ആർ | 31-8-17 മുതൽ 31-3-18 വരെ |
| വി.ഇ.ഒ. | ശ്രീ.കെ.പി.ബാബു | 1-04-17 മുതൽ 31-03-18 വരെ |
| വെറ്റിനറി സർജൻ | ഡോ. സോജ | 1-04-17 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ, പി. എച്ച്. സി. | ഡോ.അനുപമ അലക്സ് | 1-04-17മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ, അയുർവേദം | ഡോ.കെ.എസ്.പ്രമോദ് കുമാർ | 1-04-17 മുതൽ 31-03-18 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. ഡെയ്സി സാമുവൽ | 1-04-17 മുതൽ 31-03-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | കുമാരി ശ്രീദേവി.സി.എസ് | 1-4-17 മുതൽ 14-6-17 വരെ |
| | ശ്രീമതി.രാജലക്ഷ്മി | 15-6-17 മുതൽ 13-8-17 വരെ |
| | ശ്രീ.സനൽകുമാർ | 14-8-17 മുതൽ 31-03-18വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീ.സോഫ്ജി ശേഖർ | 1-04-17 മുതൽ 31-03-18 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് | 1-3 |

| | | |
|---|---|---|
| | സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവർ-പരിഷ്കരിച്ച നികുതി ഈടാക്കിയിട്ടില്ല. | 2-1 |
| 14 | കെട്ടിടനമ്പറിംഗ് -നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല | 2-2 |
| | ഭാഗം 3 | |
| 15 | ഗ്രാമസഭ അംഗീകൃത ഗുണഭോക്താക്കളെ ഒഴിവാക്കി മറ്റൊരു ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു. | 3-1 |
| 16 | കിടാരി വളർത്തൽ പദ്ധതി -സബ്സിഡി അധികം നല്കി. | 3-2 |
| 17 | ത്രൈമാസ പരിധി ലംഘിച്ച് യാത്രാബത്ത നൽകി-7,860/- രൂപ നിരാകരിക്കുന്നു. | 3-3 |
| 18 | ബാലസഭ - അധികം പിൻവലിച്ച 2,900/- രൂപ നിരാകരിക്കുന്നു. | 3-4 |
| 19 | ആശ്രയ പദ്ധതി -വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സി .ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു. | 3-5 |
| 20 | സർക്കാർ നിശ്ചിത നിരക്കിനേക്കാൾ അധികം നൽകി ഫർണിച്ചർ വാങ്ങി. | 3-6 |
| 21 | തുണി സഞ്ചി നിർമാണ യൂണിറ്റ് പ്രവർത്തനരഹിതം- | 3-7 |

| | | |
|---|---|---|
| | 1.25 ലക്ഷം രൂപ സബ്സിഡിയായി നൽകിയ പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയില്ല. | |
| 22 | പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ഇല്ല. 28,50,846/-രൂപ തടസപ്പെടുത്തുന്നു. | 3-8 |
| 23 | കാലിടാർ ബാരലിന്റെ വില ഈടാക്കിയില്ല- നഷ്ടം 38475/-രൂപ | 3-9 |
| 24 | എയറോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ്-പ്രവർത്തനം ആരംഭിച്ചിട്ടില്ല-പാഴ്ചെലവ് തുക- 91,042/-രൂപ | 3-10 |
| | ഭാഗം 4 | |
| 25 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 26 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 35 | അനുബന്ധം-1, ഓഡിറ്റ് സാക്ഷ്യപത്രം 2017-2018 | 1 |
| 36 | അനുബന്ധം-2, അനുബന്ധപത്രികകൾ | 2 |


## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

27.03.2017 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.02.2018 തീയതിയിലെ 3/1 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-18 | 15-5-18 | ---- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 14-6-18 മുതൽ 16-6-18 വരെ | KSA.KLM.P4-1885/18 dt 27-11-18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 72,74,651 |
| വരവ് | 4,99,67,057 |
| ആകെ | 5,72,41,708 |
| ചെലവ് | 5,43,28,299 |
| നീക്കിയിരിപ്പ് | 29,13,409 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 12807000 | 12807000 | 10938658 | 1868342 |
| വികസനഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9380268 | 9380268 | 6638907 | 2741361 |
| വികസനഫണ്ട്-ടി.എസ്.പി. (ACR പ്രകാരം) | 0 | 26989 | 26989 | 0 | 26989 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 6391000 | 6391000 | 4600091 | 1790909 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2802000 | 2802000 | 2628619 | 173381 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് (ACR പ്രകാരം) | 0 | 6014063 | 6014063 | 5124996 | 889067 |
| കെ.എൽ.എസ്.ജി. ഡി.പി.(ACR | 0 | 538783 | 538783 | 364474 | 174309 |

| | | | | | | | |
|---|---|---|---|---|---|---|---|
| പ്രകാരം) | | | | | | | |
| സാക്ഷരത | | 1005 | ----- | 1005 | ----- | 1005 | |
| ദുരിതാശ്വാസ നിധി | | 281886 | ----- | 281886 | 9968 | 271918 | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 16342030 | 16342030 | 16342030 | Nil | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 101078 | 940641 | 1041719 | 1013671 | 28048 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | | |
| തൊഴിലുറപ്പ് ഇൻസെന്റീവ് | | 0 | ----- | ----- | ----- | ---- | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 400000 | 1888378 | 2288378 | 1643554 | 644824 | |
| | ജില്ലാ പഞ്ചായത്ത് | 0 | 460000 | 460000 | 460000 | | |
| ബി ഫണ്ട് | | 314640 | 314640 | 314640 | ------ | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 4041472.86 | 6477221 | 10518693.86 | 8312002 | | 2206691.86 |
| | ട്രഷറി അക്കൗണ്ട് | 2359695 | 8352918 | 10712613 | 10712613 | 0 | |
| എസ്.ബി.ഐ, ഇ-പേയ്മെന്റ് | | | | | | | 1882 |
| ജോയിന്റ് വെഞ്ചർ | | 400000 | | | | | 181352 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 156 | 6,24,29,242 | 104 | 3,58,66,230 | 39 | 13 | 66.66 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1,63,42,030 | 1,63,42,030 | 1,63,42,030 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 1,01,078 | 9,40,641 | 10,41,719 | 10,13,671 | 28,048 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 74,640 | 125 |
| കർഷകതൊഴിലാളി പെൻഷൻ | 22,61,500 | 221 |
| വിധവാപെൻഷൻ | 1,00,65,300 | 1032 |
| വാർദ്ധക്യകാലപെൻഷൻ | 1,31,16,400 | 1510 |
| വികലാംഗപെൻഷൻ | 32,59,100 | 201 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 2,40,000 | 8 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-12-18 ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,092/-.രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. അക്കൗണ്ടിംഗ് സമ്പ്രദായം സുതാര്യമാണ്. ക്യാഷും ബാങ്കുമായുള്ള നിയന്ത്രണം കൃത്യമായി പാലിച്ചുവരുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും ഡെപ്പോസിറ്റ് ചെയ്യുന്നതിനും കണക്ക് സൂക്ഷിക്കുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നൽകിയിട്ടുണ്ട്.പ്രതിദിന കളക്ഷൻ അന്നേദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ

ഔട്ട്ഡോർ കളക്ഷനായി ഉപയോഗിക്കുന്ന രസീതുബുക്കുകളിൽ സാമ്പത്തികവർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്ന രസീതുകൾ റദ്ദ്ചെയ്ത് സൂക്ഷിക്കുന്നില്ല.

ഫ്രണ്ട്ഓഫീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം. എന്നാൽ ഫ്രണ്ട്ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നതിനുള്ള യോഗങ്ങൾ ഒന്നും തന്നെ കൂടിയിട്ടില്ല. ഫ്രണ്ട് ഓഫീസ് ഡയറിയിൽ തപാൽ നം, അപേക്ഷകന്റെ പേര് എന്നീ വിവരങ്ങളോടൊപ്പം സേവനത്തിന്റെ സ്വഭാവം,സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം ,ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി , സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര് , ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തണം. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട് ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട്ഓഫീസ് ഡയറി അപൂർണമാണ്.അതിനാൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവോയെന്ന് പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 8-11-2018 | 10/2018 | 08-11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.01.15 | 1997/1998 മുതൽ 2007/2008 വരെ | 06.02.15 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1) 2017-18 വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് ഷെഡ്യൂൾ RP – 43 പ്രകാരം profession tax traders/institution എന്ന ഹെഡിൽ കുടിശ്ശികയായി 28,542/- രൂപ വരവുണ്ട്. എന്നാൽ മുൻവർഷത്തെ [2016-2017 വാർഷികധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം ടി ഹെഡിൽ 21250/- രൂപ മാത്രമാണ്ഉൾപ്പെടുത്തിയിരിക്കുന്നത് . ( ഡിമാന്റിനേക്കാൾ കൂടുതൽ വരവ് കാണുന്നു)]

2) പ്രോപ്പർട്ടി ടാക്സ് ഇനത്തിൽ അരിയർ ഡിമാന്റ് തുക സഞ്ചയ പ്രകാരമുള്ള അരിയർ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല. 4,20,758/- രൂപയുടെ വ്യത്യാസം കാണുന്നു.

| പ്രോപ്പർട്ടി ടാക്സ് അരിയർ ഡിമാന്റ് | റസിഡൻഷ്യൽ &നോൺ റസിഡൻഷ്യൽ ബിൽഡിംഗ് |
|---|---|
| വാർഷിക ധനകാര്യപത്രിക B-15 (16-17) പ്രകാരം | 15,64,886 |
| സഞ്ചയ പ്രകാരം | 11,44,128 |

3) തൻവർഷത്തെ പലിശയിനത്തിലുള്ള വരവ് ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I – 8 ഷെഡ്യൂൾ പ്രകാരം 67,646/- രൂപയാണ്. എന്നാൽപാസ്ബുക്ക് പ്രകാരം യഥാർത്ഥ വരവ് 67,546/- രൂപയാണ്. 100 രൂപയുടെ വ്യത്യാസം കാണുന്നു.

4) 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ

തുക ഇൻകം & എക്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I – 6 ഷെഡ്യൂൾ പ്രകാരം 3,38,200/- രൂപയാണ്. എന്നാൽ ഡി.ബി.റ്റി. സ്റ്റേറ്റ്മെന്റ് പ്രകാരം 4,61,500/- രൂപയാണ്. 1,23,300/- രൂപയുടെ വ്യത്യാസം കാണുന്നു.

5) MGNREGS EFMS തുക MIS പത്രിക പ്രകാരം 162,69,759/- രൂപയാണ്. എന്നാൽ ഇൻകം & എക്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I – 6 ഷെഡ്യൂളിൽ 1,72,82,671/-രൂപയിൽ നിന്ന് RP 31-ൽ ഭരണപരമായ ചെലവുകൾക്ക് വരവ് വന്ന 9,40,641/-രൂപ കുറവ് ചെയ്താൽ 1,63,42,030/-രൂപയാണ്.

6)എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി അസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ B-11 ഷെഡ്യൂളലെ ആസ്തികളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

7)തൻ വർഷത്തെ മൂലധന ചെലവായ 79,29,814/- രൂപയ്ക്ക് ആനുപാതികമായിആസ്തി സൃഷ്ടിക്കപ്പെട്ടിട്ടില്ല.

8) ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് നീക്കിയിരിപ്പ് തുക, ട്രഷറി നീക്കിയിരിപ്പ്, അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 മൊബൈൽ ടവർ-പരിഷ്കരിച്ച നികുതി ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന ഐഡിയ മൊബൈൽ ടവറിന്റെ വസ്തുനികുതി 2013-14 മുതൽ പുനർനിർണ്ണയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ തുക ഡിമാന്റുചെയ്ത് ഈടാക്കിയിട്ടില്ല. നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ഡിമാന്റ് ചെയ്ത് ഈടാക്കാത്തത് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരമുള്ള കാലഹരണപ്പെടലിന് ഇടയാക്കുന്നു. സെക്ഷൻ 243 പ്രകാരം ഒരു പഞ്ചായത്തിന് കിട്ടാനുള്ള നികുതിക്കോ മറ്റ് തുകകൾക്കോ ജപ്തിയോ വ്യവഹാരമോ പ്രോസികൃൂഷൻ നടപടിയോ തുടങ്ങാമായിരുന്ന തീയതി മുതൽ മൂന്നുവർഷത്തിനുശേഷം ആ നടപടിക്രമങ്ങൾ നടപ്പിലാക്കാൻ പാടില്ലാത്തതാകുന്നു എന്ന് വ്യക്തമാക്കുന്നുണ്ട്, കൂടാതെ സെക്ഷൻ 243 (3)ൽ യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ചമൂലം ഏതെങ്കിലും നികുതിയോ തുകയോ കാലഹരണപ്പെടുകയും നിയമാനുസൃതമുള്ള അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥരുടെയോ ഉദ്യോഗസ്ഥൻമാരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശസഹിതം ആ ഉദ്യോഗസ്ഥനിൽനിന്നോ ഉദ്യോഗസ്ഥരിൽനിന്നോ ഈടാക്കണമെന്ന് വ്യക്തമാക്കുന്നുണ്ട്. നികുതി പുനർനിർണ്ണയത്തിനുശേഷം തൻവർഷംവരെ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ നഷ്ടമായ തുക ചുവടെ ചേർക്കുന്നു.

| വർഷം | വസ്തു നികുതി | ലൈബ്രറി സെസ് | സേവന ഉപനികുതി |
|---|---|---|---|
| 2013-2014 (രണ്ടാം അർദ്ധ വർഷം) | 4797 | 240 | 815 |
| 2014-2015 (ഒന്നാം അർദ്ധ വർഷം) | 4797 | 240 | 816 |
| 2014-2015 (രണ്ടാം അർദ്ധ വർഷം) | 4797 | 240 | 815 |
| 2015-2016 (ഒന്നാം അർദ്ധ വർഷം) | 4797 | 240 | 816 |

| | | | |
|---|---|---|---|
| 2015-2016 (രണ്ടാം അർദ്ധ വർഷം) | 4797 | 240 | 815 |
| 2016-2017 (ഒന്നാം അർദ്ധ വർഷം) | 4797 | 240 | 816 |
| 2016-2017 (രണ്ടാം അർദ്ധ വർഷം) | 4797 | 240 | 815 |
| 2017-2018 (ഒന്നാം അർദ്ധ വർഷം) | 4797 | 240 | 816 |
| 2017-2018 (രണ്ടാം അർദ്ധ വർഷം) | 4797 | 240 | 815 |
| ആകെ | 43173 | 2160 | 7339 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സഞ്ചയ പ്യൂരിഫിക്കേഷൻ നടത്തിയപ്പോൾ ഡേറ്റ എൻട്രിയിൽ പിശക് വന്നതിനാൽ കരം വളരെയധികം വർദ്ധിക്കുകയും തുക ഒടുക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നും ആയത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് വരുകയാണെന്നും അപാകത പരിഹരിച്ച് കരം ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിച്ച് നികുതി ഈടാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നഷ്ടത്തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.-16/29.12.18

## 2-2 കെട്ടിടനമ്പറിംഗ് -നിരസിക്കപ്പെട്ട അപേക്ഷയിൻമേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല

കേരള പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 235 എ പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ

ചെയ്യാൽ ടി കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ ഒടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക അപ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതാണ്. 2011-ലെ കേരള പഞ്ചായത്തീരാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് അത് നിയമാനുസൃതമല്ലെന്ന് സൂചിപ്പിക്കുന്ന 'യു.എ.' എന്നും അനധികൃതനിർമ്മാണത്തിന്റെ വർഷം ഏതെന്നും ചേർത്ത് കെട്ടിടനമ്പർ നൽകേണ്ടതാണ്. ഇപ്രകാരം കെട്ടിടനമ്പർ നൽകുന്നത് 235എഎ വകുപ്പുപ്രകാരം വസ്തുനികുതി നിർണയിക്കുന്നതിനുവേണ്ടിമാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. 2017-2018 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ കെട്ടിടനമ്പറിംഗിനായി 190 അപേക്ഷകൾ ലഭിച്ചതിൽ 6 അപേക്ഷകൾ നിരസിച്ചു. എന്നാൽ നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നൽകുന്ന 'യു.എ.' നമ്പർ നൽകുകയോ ചട്ടപ്രകാരം ഈടാക്കേണ്ട വസ്തുനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. നിരസിക്കപ്പെട്ട അപേക്ഷകളുടെ പട്ടിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേരും മേൽവിലാസവും, | അപേക്ഷ നമ്പരും, തീയതിയും | കെട്ടിടത്തിന്റെ തരവും, വിസ്തീർണ്ണവും (ച.മീറ്റർ) | അപേക്ഷ നിരസിക്കപ്പെട്ടതിന്റെ കാരണം |
|---|---|---|---|---|
| 1. | സോളമൻ, വടക്കേവിളവീട്, മുട്ടം | 966/23.02.18 | പാർപ്പിടം, 67.5ച.മീ. | CRZ ലംഘനം |
| 2. | ലിപിൻ, രാജീഭവൻ, തെക്കേമുറി | 25/27.10.17 | പാർപ്പിടം, 111.26ച.മീ. | CRZ ലംഘനം |
| 3. | തങ്കമണി, പ്ലാവിള ചരുവിൽ, തെക്കേമുറി | 486/30.02.18 | 33.19ച.മീ. വാണിജ്യം | CRZ ലംഘനം |
| 4. | മഹേഷ്, അജിത്ത് നിവാസ്, കോയിക്കൽ | 2311/24.05.17 | പാർപ്പിടം, 117.46 | CRZ ലംഘനം |
| 5. | സാബു, മേരീവിലാസം, മുട്ടം | 1254/09.03.18 | പാർപ്പിടം, 20.03 ച.മീ. | CRZ ലംഘനം |
| 6. | ഓർസില, ചരിവുപുരയിടം, തെക്കേമുറി | 4027/29.01.17 | പാർപ്പിടം, 79.65 ച.മീ. | CRZ ലംഘനം |

അപേക്ഷ നിരസിക്കപ്പെടുന്ന കെട്ടിടങ്ങളെ യു.എ. രജിസ്റ്ററിൽ ചേർത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നമ്പർ – 15 (a) /29.12.2018

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമസഭ അംഗീകൃത ഗുണഭോക്താക്കളെ ഒഴിവാക്കി മറ്റൊരു ലിസ്റ്റ് തയ്യാറാക്കി ആനുകൂല്യം വിതരണം ചെയ്തിരിക്കുന്നു.

പദ്ധതി: തെങ്ങിൻ തൈ വിതരണം ( 08/18)
അടങ്കൽ:2,55,000/-രൂപ
ചെലവ്:2,37,235/-രൂപ (1,75,833/-- വികസന ഫണ്ട്. 61,402/- -ഗുണ: വിഹിതം)
ബിൽ :6/17 - 18 (15-3-18); 1,61,091/-
ബിൽ : 10/17 - 18 (24-3-18) 14,742/-
നിർവ്വഹണം: കൃഷി ഓഫീസർ.

ഈ പദ്ധതി പ്രകാരം പഞ്ചായത്തിലെ 1100 കൃഷിക്കാർക്ക് 3000 തെങ്ങിൻ തൈകൾ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്യുകയായിരുന്നു ലക്ഷ്യം. ഇതിനായി വിവിധ ഗ്രാമസഭകളിൽ നിന്നും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിരുന്നു. ഗ്രാമസഭ തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ കുറവാണെന്ന കാരണത്താൽ പൂർണ്ണമായും ഒഴിവാക്കി NREGS മേറ്റ്മാർ മുഖേന മറ്റൊരു ലിസ്റ്റ് തയ്യാറാക്കുകയും അതിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സബ്സിഡി ആനുകൂല്യം നൽകുകയും ചെയ്തു. ഇവരാരും ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടവർ അല്ല. 22-09-2017 ലെ 20/1 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കിയതും ആനുകൂല്യം നൽകാൻ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും എന്നാൽ ഇപ്രകാരം ആനുകൂല്യം കൈപ്പറ്റിയവരുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. നിർവ്വഹണവുമായി ബന്ധപ്പെട്ട് 1096 പേരിൽ നിന്നും ഗുണ: വിഹിതം പിരിച്ചിട്ടില്ല. പകരം ബന്ധപ്പെട്ട വാർഡ് മെമ്പർ തുക ഒടുക്കിയതിന്റെ രസീത് ആണ് നൽകിയിട്ടുള്ളത്. ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് വേണ്ടി വികസനഫണ്ട് ചിലവഴിച്ചതിന്റെയും, തുടർന്നുള്ള ഗ്രാമസഭകളിൽ ഗുണഭോക്തൃലിസ്റ്റ് അവതരിപ്പിച്ച് അംഗീകാരം വാങ്ങിക്കാതിരുന്നതിന്റെയും അടിസ്ഥാനത്തിൽ 1,75,833/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക 22-9-17 ൽ 20( 1 ) നമ്പർ തീരുമാനം കൈകൊണ്ട കമ്മിറ്റി അംഗങ്ങളിൽ നിന്നും, കൃഷി ഓഫീസറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.
എൻക്വയറി നം.: 11/26-12-18

## 3-2 <u>കിടാരി വളർത്തൽ പദ്ധതി -സബ്സിഡി അധികം നല്കി.</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറിഫാം ഇൻസ്ട്രക്ടർ |
| പ്രോജക്റ്റ് | 20/18 കിടാരി വളർത്തൽ |
| അടങ്കൽ തുക | ആകെ-2,40,000/- (1,20,000/- (വികസനഫണ്ട് ജനറൽ), |

| | |
|---|---|
| | ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത്)-1,20,000/-) |
| ചെലവഴിച്ച തുക | ആകെ-64,000/- ( വികസനഫണ്ട് ജനറൽ- (ബിൽ നം 7/12-2-18) |

6-8 മാസം പ്രായമുള്ള സങ്കരയിനം പശുകിടാരികളെ ഗുണഭോക്താവ് 16,000/- രൂപ ചെലവഴിച്ച് വാങ്ങുമ്പോൾ 8,000/- രൂപ സബ്സിഡി നല്കുന്ന രീതിയിലാണ് പദ്ധതി രൂപീകരിച്ചിരുന്നത്. സബ്സിഡി മാർഗ്ഗരേഖ (go(ms)80/17 lsgd dtd 3-4-17 ഖണ്ഡിക 8.2 ൽ കറവപ്പശു, ആട് , കിടാരി മുതലായവയെ വാങ്ങുമ്പോൾ വില ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൊല്ലം ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടിഡയറക്ടർ 2017-18 ലേക്കുള്ള യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച ഉത്തരവിൽ 6-8 മാസം പ്രായമുള്ള കിടാരിയുടെ യൂണിറ്റ് കോസ്റ്റ് 9,000/-രൂപയും 8-12 മാസം പ്രായമുള്ള കിടാരിയുടെ യൂണിറ്റ് കോസ്റ്റ് 15,000/- രൂപയും 12-18 മാസം പ്രായമുള്ള കിടാരിയുടെ യൂണിറ്റ് കോസ്റ്റ് 20,000/- രൂപയുമാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിടാരിയുടെ പ്രായത്തിനനുസരിച്ചുള്ള യൂണിറ്റ്കോസ്റ്റിന്റെ 50% പരമാവധി സബ്സിഡിയായ 8,000/-രുപയിലധികരിക്കാതെയാണ് ജനറൽ വിഭാഗത്തിന് നല്കാവുന്ന സബ്സിഡി.

എന്നാൽ മേൽ പദ്ധതി വഴി ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ ഇൻഷുറൻസ് രേഖകൾ പ്രകാരം 1 വയസ്സിൽ താഴെ പ്രായമുള്ള കിടാരികൾക്കും പരമാവധി സബ്സിഡിയായ 8,000/- രൂപ നല്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | ഇൻഷ്വറൻസ് പോളിസി നം/ഇൻഷ്വറൻസ് രേഖകൾ പ്രകാരം കിടാരിയുടെ പ്രായം | ജില്ലാ മൃഗ സംരക്ഷണ വകുപ്പ് നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ്. | നല്കാവുന്ന സബ്സിഡി 50% | നല്കിയ സബ്സിഡി | അധികം നൽകിയ തുക |
|---|---|---|---|---|---|
| ശ്രീമതി.ബിന്ദു.ഒ, ആര്യാ ഭവനം, കൊട്ടുവിള.പി.ഒ | 420026892100 9 മാസം | 15,000/- | 7,500/- | 8,000/- | 500/- |
| ശ്രീമതി. രാധാമണി.പി, കോടിയാട്ട് പുത്തൻ വീട് ,കൊട്ടുവിള | 420026892326 10മാസം | 15,000/- | 7,500/- | 8,000/- | 500/- |
| ശ്രീമതി.സൂസമ്മ ജോർജ്ജ്, അച്ചേരി പുത്തൻ വീട്, തെക്കേമുറി | 420006964785 11മാസം | 15,000/- | 7,500/- | 8,000/- | 500/- |
| ശ്രീമതി.റീത്താ ആന്റണി, കുറ്റിവിള വീട്, രണ്ട് റോഡ് | 420026834851 10മാസം | 15,000/- | 7,500/- | 8,000/- | 500/- |
| | | | | ആകെ | 2,000/- |

സബ്സിഡിയിനത്തിൽ അധികമായി നല്കിയ തുക മേൽ വ്യക്തികളിൽ നിന്നും ഈടാക്കി വികസനഫണ്ടിൽ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം 7/12-2-18

## 3-3 ത്രൈമാസ പരിധി ലംഘിച്ച് യാത്രാബത്ത നൽകി- 7,860/- രൂപ നിരാകരിക്കുന്നു.

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 2016 ജനുവരി മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിലെ യാത്രാബത്ത 2.9.2017 തീയതിയിലെ 51700364-ാം നമ്പർ വൗച്ചർ പ്രകാരം മാറി നൽകിയിട്ടുണ്ട്. (തുക.1,22,278/- രൂപ) . പ്രസ്തുത മാസങ്ങളിലെ യാത്രകൾ 20.5.2017 ലെ IV(2) തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ശ്രീ.ബി.വിനയകുമാർ, അസിസ്റ്റന്റ് സെക്രട്ടറിയ്ക്ക് ത്രൈമാസ പരിധി ലംഘിച്ച് യാത്രാബത്ത നൽകിയതായി കാണുന്നു. [സർക്കാർ ഉത്തരവ് (അ) 137/2016, ധന , തീയതി -09-09-2016]

| ഉദ്യോഗസ്ഥന്റെ പേര് | അടിസ്ഥാന ശമ്പളം ഗ്രേഡ് | യാത്രാബത്ത അനുവദിച്ച മാസം | അനുവദിച്ച തുക | ത്രൈമാസ പരിധി | അധികം നൽകിയ തുക |
|---|---|---|---|---|---|
| ബി.വിനയകുമാർ അസിസ്റ്റന്റ് സെക്രട്ടറി | ഗ്രേഡ്.II(a) 42,500/-രൂപ | ജൂൺ ജൂലൈ ആഗസ്റ്റ് | 12,310/- | 7,350/- (രണ്ട് ജില്ല) | 4,960/- |
| | | ജൂലൈ ആഗസ്റ്റ് സെപ്റ്റംബർ | 13,190/- | 10,290/- (സംസ്ഥാന തലം) | 2,900/- |
| ആകെ | | | | | 7,860/- |

അധികമായി അനുവദിച്ച 7,860/- രൂപ ശ്രീ.ബി.വിനയകുമാറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ്.എൻക്വയറി 4/22.12.2018

## 3-4 ബാലസഭ - അധികം പിൻവലിച്ച 2,900/- രൂപ നിരാകരിക്കുന്നു.

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ബാലസഭ പ്രവർത്തനങ്ങൾ എന്ന പദ്ധതിയ്ക്കായി (നം 124/18), 20,000/- രൂപ 17-1-18 ലെ ബിൽനം. 9/17-18 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ഈ തുകയിൽ 17,100/- രൂപയുടെ ചെലവു രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളു. അധികം പിൻവലിച്ച 2,900/- രൂപ 2019 ഏപ്രിൽ മേയ് മാസങ്ങളിൽ ബാലസഭയ്ക്കായി ചെലവഴിക്കുന്നതിനു വേണ്ടിയാണ് അക്കൗണ്ടിൽ സൂക്ഷിക്കുന്നതെന്നാണ് ഇതുസംബന്ധിച്ചുള്ള 24-12-2018 തീയതിയിലെ ഓഡിറ്റ് എൻക്വയറി 9 നുള്ള മറുപടിയിൽ സൂചിപ്പിക്കുന്നത്. ഈ മറുപടി അംഗീകരിക്കാൻ കഴിയാത്തതിനാൽ അധികമായി പിൻവലിച്ച 2,900 /- രൂപ വികസന ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## 3-5 ആശ്രയ പദ്ധതി -വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് സി .ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിക്കുന്നു.

ആശ്രയ പദ്ധതി രണ്ടാംഘട്ടത്തിനായി ഓഡിറ്റ് വർഷം 2,00,000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. (ബിൽ.നം.14/17-18, തീയതി.28.3.18). 2017-18 വർഷം 66/18-ാം നമ്പർ പദ്ധതി പ്രകാരമാണ് തുക പിൽവലിച്ചിട്ടുള്ളത്. ഈ തുക ചെലവഴിക്കാതെ സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുക ഉൾപ്പെടെ സി.ഡി.എസ്സിന്റെ അക്കൗണ്ടിൽ 31,67,956/- രൂപ ശേഷിക്കുന്നുണ്ട്. ഇതിൽ ഒന്നാംഘട്ട പദ്ധതിക്കായി പിൻവലിച്ച തുകയിലെ ബാലൻസ് തുകയായ

12,69,750/- രൂപയും രണ്ടാം ഘട്ട പദ്ധതിയ്ക്കായി പിൻവലിച്ച 7,00,000/- രൂപയും പലിശയിനത്തിൽ ലഭിച്ച 9,98,206/- രൂപയും ഉൾപ്പെടുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ ഒന്നും രണ്ടും ഘട്ടപദ്ധതികൾ അവസാനിച്ചതാകയാൽ തുക ചെലവഴിക്കാൻ സാധിക്കുന്നില്ലയെന്നും, സാമൂഹ്യ ക്ഷേമപദ്ധതിയുടെ തുക നഷ്ടപ്പെടാതിരിക്കാനാണ് തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആശ്രയപദ്ധതിയിൽ 2008-09 മുതൽ തുക പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുകയും , ഭീമമായ തുക അക്കൗണ്ടിൽ ശേഷിക്കുമ്പോഴും ഗുണഭോക്താക്കൾക്ക് ഒരു പ്രയോജനവും ഇല്ലാത്ത അവസ്ഥയുമാണ് ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിലേക്ക് അധികാരികളുടെ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം. – 5/22-12-2018

## 3-6 സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ അധികം നൽകി ഫർണിച്ചർ വാങ്ങി.

പ്രോജക്റ്റ് നം - 63/18

പ്രോജക്ടിന്റെ പേര് - ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ തുക - 3,00,000/- രൂപ

ഫണ്ടിനം - മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)

ചെലവ് തുക - 2,39,998 /- രൂപ

ബിൽ നം./ തീയതി - 25/26.02.18

നിർവഹണം - സെക്രട്ടറി,ഗ്രാമ പഞ്ചായത്ത്.

സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ ഫർണിച്ചർ വാങ്ങുമ്പോൾ പാലിക്കേണ്ട നിരക്കുകളും സ്പെസിഫിക്കേഷനുകളും 17.06.17 ലെ ജി.ഒ.(ആർ. ടി ) നം. 33/17/എസ്.പി.ഡി ഉത്തരവിന്റെ അനുബന്ധത്തിൽ വ്യക്തമാക്കിയിരിക്കേ പ്രസ്തുത നിരക്കുകൾ പാലിക്കാതെ ഹോമിയോ ആശുപത്രിക്കായി ഫർണിച്ചർ വാങ്ങി.

സെക്രട്ടറി നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്റ്റ് പ്രകാരം സിഡ്കോയിൽ നിന്ന് ടെണ്ടർ കൂടാതെ ഫർണിച്ചർ വാങ്ങിയതിന് അധിക നിരക്ക് നൽകിയ ഇനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | ഇനം. | സർക്കാർ നിശ്ചയിച്ച വില | സിഡ്കോ ഈടാക്കിയ വില | വാങ്ങിയ എണ്ണം | അധികമായി നൽകിയ തുക |
|---|---|---|---|---|---|
| 1. | Steel slotted Angle Iron Rack 180 X90 X 38 | 4558/- | 6058/- | 5 | 7500/- |
| 2. | Hard wood Table -L Type | 19,698/- | 35,300/- | 1 | 15,602/- |
| ആകെ | | | | | 23,102/- |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് Steel slotted Angle Iron Rackന് മരുന്ന് കുപ്പികൾ വയ്ക്കുന്നതിനായി അധിക മെറ്റീരിയൽസ് വച്ചതിനാലും Hard wood Table -L Typeന് അധികമായി മെറ്റീരിയൽസ് ലേബർ ചാർജ്ജും ആയിട്ടുള്ളതിനാലുമാണ് അധികം തുക നൽകിയത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

സിഡ്കോയിൽ നിന്നുള്ള ഫർണിച്ചറിന് സർക്കാർ നിശ്ചയിച്ച സ്പെസിഫിക്കേഷനിൽ നിന്ന് വ്യത്യസ്തമായ ഉപകരണങ്ങൾ വാങ്ങുന്നുവെങ്കിൽ ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നിരിക്കെ സിഡ്കോയിൽ നിന്ന് ടെണ്ടർ നടപടി കൂടാതെ വാങ്ങിയ ഫർണിച്ചറുകൾക്ക് അധിക മെറ്റീരിയൽസ് ഉൾപ്പെടുത്തിയതിനാലും പ്രവൃത്തി ചെയ്തതിനാലും സർക്കാർ നിശ്ചയിച്ചതിനേക്കാൾ അധിക നിരക്ക് നൽകിയെന്ന മറുപടി അംഗീകരിക്കാനാവില്ല. ഫർണിച്ചർ വാങ്ങുന്നതിനായി അധികമായി ചെലവഴിച്ച 23,102/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം.8/തീ.24.12.18

നിരാകരിച്ച തുക-23,102/-രൂപ

## **3-7** <u>തുണി സഞ്ചി നിർമ്മാണ യൂണിറ്റ് പ്രവർത്തനരഹിതം**- 1.25** ലക്ഷം രൂപ സബ്സിഡിയായി നൽകിയ പ്രോജക്ട് ഫലപ്രാപ്തിയിലെത്തിയില്ല**.**</u>

പ്രോജക്ട് നം - 171/18

പ്രോജക്ടിന്റെ പേര് - തുണിസഞ്ചി നിർമ്മാണ യൂണിറ്റ്.

അടങ്കൽ തുക - 3,00,000/- രൂപ

ചെലവ് തുക - 1,25,000 /- രൂപ

ബിൽ നം./ തീയതി - 21/26.03.18-1,13,533/-രൂപ (വി.ഫണ്ട്)

ചെക്ക് നം.6211479-11,467/-രൂപ(തനതുഫണ്ട്)

നിർവഹണം - വി ഇ ഒ

സ്ത്രീകളുടെ ഗ്രൂപ്പ് സംരംഭത്തിന് ബാങ്ക് വായ്പയെ ആധാരമാക്കി ടി പ്രോജക്ട് പ്രകാരം സബ്സിഡി നൽകിയെങ്കിലും സംരംഭം ആരംഭിച്ചതായോ ബാങ്ക് അക്കൗണ്ട് മുഖേന സാമ്പത്തിക ഇടപാടുകൾ നടത്തിതായോ വ്യക്തമാക്കുന്ന രേഖകളില്ല. നിലവിൽ സംരംഭത്തിന്റെ യാതൊരു പ്രവർത്തനങ്ങളും ഇല്ലായെന്ന് പ്രാദേശിക പരിശോധനയിൽ വ്യക്തമാവുന്നു.

ഗ്രാമ പഞ്ചായത്ത് 14-ാം വാർഡിലെ കണിയാംകുന്നത്ത് കുടുംബശ്രീ യൂണിറ്റിലെ 5 വനിതകൾ ഉൾപ്പെടുന്ന നന്ദനം ആക്ടിവിറ്റി ഗ്രൂപ്പിന് വായ്പ അനുവദിക്കാമെന്ന് വ്യക്തമാക്കി കിഴക്കേക്കല്ലുട സർവ്വീസ് സഹകരണ ബാങ്ക് 22. 3.18 ൽ സമ്മതപത്രം നൽകിയതിനെത്തുടർന്ന് പ്രസ്തുത ആക്ടിവിറ്റി ഗ്രൂപ്പിന്,ഗ്രൂപ്പ് സംരംഭത്തിനുള്ള സബ്സിഡിയായി 1.25 ലക്ഷം രൂപ ബാങ്കിലേക്ക് ആനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ തുണി സഞ്ചി നിർമാണ യൂണിറ്റ് ആരംഭിച്ചതായി വ്യക്തമാക്കുന്ന യാതൊരു രേഖകളുമില്ല. ഗ്രൂപ്പ് നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് വി.ഇ.ഒ.യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമാവുന്നു .പദ്ധതി ആവിഷ്കരിച്ച് സബ്സിഡി നൽകുന്നതിൽ മാത്രമായി പദ്ധതി പ്രവർത്തനം ഒതുങ്ങി. പദ്ധതിയുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നതിനോ ഗ്രൂപ്പ് സംരംഭത്തിന്റെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനോ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല.

സംരംഭം ആരംഭിച്ചതായി വ്യക്തമാക്കുന്ന രേഖകളില്ലാത്തതിനാലും നിലവിൽ സംരംഭത്തിന്റെ യാതൊരു പ്രവർത്തനങ്ങളും ഇല്ലായെന്ന് വ്യക്തമാകുന്നതിനാലും സാമ്പത്തിക വികസനം ലക്ഷ്യമാക്കി നൽകിയ സബ്സിഡി ഫലപ്രാപ്തിയിലെത്തിയില്ല. ഗ്രൂപ്പ് സംരംഭത്തിനായി സബ്സിഡിയായി നൽകിയ 1.25 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.സംരംഭം ആരംഭിക്കുന്നതിന് സാദ്ധ്യമാകാത്തപക്ഷം തുക തിരികെ ഈടാക്കിയില്ലെങ്കിൽ നിർവഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണയിച്ച് തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം.17/തീ.29.12.18

തടസ്സപ്പെടുത്തിയ തുക-1,25,000/- രൂപ

## 3-8 പ്രവൃത്തി പൂർത്തീകരണ വിവരങ്ങൾ ഇല്ല. 28,50,846/-രൂപ തടസപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായ പ്രോജക്ടുകളുടെ നടത്തിപ്പിനായി ചുവടെ ചേർക്കുന്ന തുകകൾ നിർവഹണ ഏജൻസികളിൽ/സ്ഥാപനങ്ങളിൽ നിക്ഷേപിച്ചുവെങ്കിലും പദ്ധതി പൂർത്തീകരണ വിവരങ്ങളില്ല. വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം | പ്രോ.നം. പേര്. | ചെലവഴിച്ച തുക/ ഫണ്ടിനം | ബിൽനം/ തിയതി | ഫണ്ടിനം തുക(രൂ.) | ഏജൻസി |
|---|---|---|---|---|---|
| 1 | 60/18 | സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | 13/28.09.17<br>17/20.10.17 | 10,43,000/-<br>4,49,620/- (ധന.കമ്മീഷൻ ഗ്രാന്റ് ) | എക്സി.എൻജി. കെ.എസ്. ഇ.ബി. |
| 2 | 131/18&176/18 | അങ്കണവാടി നിർമാണം(നം.60) | 10/23.09.17<br>21700711/ 31.01.18 (വൗച്ചർ നം.) | 5,40,000/-<br>(വികസന ഫണ്ട്)<br>40,000/- (തനതു ഫണ്ട്) | എക്സി.എൻജി. PWD Bldg.div.KLM |
| 3 | 168/18 | അങ്കണവാടി പുനരുദ്ധാരണം | 11/23.09,17 | 1,20,000/- (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) | എക്സി.എൻജി. PWD Bldg.div.KLM |
| 4 | 64/18 | അങ്കണ വാടികൾക്ക് കുടിവെള്ള പൈപ്പ് കണക്ഷൻ | 24/26.02.18<br>23/26.02.18 | 1,00,000/- (ധന.കമ്മീഷൻ ഗ്രാന്റ് )<br>21,000/- (വികസന ഫണ്ട്) | KWA KLM |
| 5 | 28/18 | ഭിന്നശേഷി ക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ | 7/16.08.17 | 1,00,000/- (വികസന ഫണ്ട്) | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |
| 6 | 175/18 | നിലമേൽ | 32/29.03.18 | 2,00,000/- | സെക്രട്ടറി, |

| | | | | | |
|---|---|---|---|---|---|
| | | ജം.-കാവിൽക്കടവ് റോഡ്റീടാറിംഗ് | | മെയിന്റനൻസ് ഗ്രാന്റ് റോഡ്) | ചിറ്റുമല ബ്ളോക്ക് പഞ്ചായത്ത് |
| 7 | 91/18 | ഇടിയക്കടവ് കുടിവെള്ള പദ്ധതി മെയിന്റനൻസ് | 22/26.02.18 | 2,37,226/- (ധന.കമ്മീഷൻ ഗ്രാന്റ് ) | എക്സി.എൻജി. GWD |
| ആകെ | | | | 28,50,846/- | |

ടി പ്രോജക്ടുകളുടെ നിർവഹണ പുരോഗതിയും പൂർത്തീകരണ വിവരങ്ങളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൾക്കായി ബന്ധപ്പെട്ട ഏജൻസികൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർനടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ വിവരങ്ങളുടെയും വിനിയോഗ സാക്ഷ്യപത്രങ്ങളുടെയും അഭാവത്തിൽ പ്രസ്തുത പ്രോജക്ടുകൾക്കായി ചെലവഴിച്ച 28,50,846/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രങ്ങളും ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ് .

എൻക്വയറി നം. – 8/24.12.18

തടസ്സപ്പെടുത്തിയ തുക -- 28,50,846/-രൂപ

## 3-9 കാലിടാർ ബാരലിന്റെ വില ഈടാക്കിയില്ല- നഷ്ടം 38,475/-രൂപ

DSR, MORTH data പ്രകാരം packed bitumen/ emulsionന്റെ വില ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വിവിധ ടാറിംഗ് റീടാറിംഗ് പ്രവർത്തികളുടെ ബില്ലിൽ നിന്ന് ടാർ/എമൽഷൻ കാലി ബാരലിന്റെ വില കോൺട്രാക്ടറിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ താഴെ ചേർത്തിട്ടുള്ള വിവിധ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്ന് കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം./ പ്രവൃത്തികളുടെ പേര്, ബിൽ നം./ തീയതി, ബിൽ തുക | ഉപയോഗിച്ച ടാർ / എമൽഷൻ കാലി ബാരലിന്റെ എണ്ണം | വില ഈടാക്കാത്ത തിനാൽ നഷ്ടമായ തുക (238+18% ജി.എസ്.ടി) |
|---|---|---|---|
| 1 | പറങ്കിമാംവിള തെക്കേച്ചറ്റത്ത് വിള റോഡ് രണ്ടാംഘട്ടമെറ്റലിംഗും ടാറിംഗും (57/18) ബിൽ നം.-4/17-18/10.7.17 , ബിൽ തുക – 2,19,579/-രൂപ | 14 | 3,932/- |
| 2 | അമ്പിയിൽ പാറപ്പള്ളിൽ റോഡ് മെറ്റലിംഗും ടാറിംഗും (68/18) ബിൽ നം.-6/17-18/10.7.17 , ബിൽ തുക – 4,47,169/-രൂപ | 14 | 3,932/- |
| 3 | വെറ്ററിനറി ഹോസ്പിറ്റൽ റോഡ് റീടാറിംഗ് (165/18) | 13 | 3,651/- |

| | | | |
|---|---|---|---|
| | ബിൽ നം.-42/17-18/28.3.18<br>, ബിൽ തുക – 2,49,286/-രൂപ | | |
| 4 | ശിങ്കാരപ്പള്ളി വടക്കത്തട്ടിൽ<br>മുക്ക് പള്ളിമുക്ക് റോഡ് റീടാറിംഗ് (79/18)<br>ബിൽ നം.-5/17-18/10-7-17<br>, ബിൽ തുക –3,34,399/-രൂപ | 28 | 7,864/- |
| 5 | കുഴിമുക്ക് പാറപ്പുറം തച്ചാരുവിൽ റോഡ് റീടാറിംഗ്(82/18)<br>ബിൽ നം.-5/17-18/10.7.17<br>, ബിൽ തുക – 3,34,399/-രൂപ | 22 | 6,178/- |
| 6 | മറവൂർ ജയന്തി കോളനി റോഡ് മെറ്റലിംഗം ടാറിംഗം (69/18)<br>ബിൽ നം.-18/17-18, 1.1.2018<br>, ബിൽ തുക – 3,60,410/-രൂപ | 13 | 3,651/- |
| 7 | എൽ.എം.എസ്.ജംഗ്ഷൻ<br>വഞ്ചികോട് റോഡ്(56/18)<br>ബിൽ നം.-7/17-18, 10.7.2017<br>, ബിൽ തുക – 2,73,869/-രൂപ | 16 | 4,493/- |
| 8 | കൊട്ടുവിള പനവിള<br>റോഡ് റീടാറിംഗ്(78/18)<br>ബിൽ നം.-2/17-18, 29.6.2017/-<br>, ബിൽ തുക – 2,89,791/-രൂപ | 17 | 4,774/- |
| | | ആകെ | 38,475/- |

കാലി ബാരലിന്റെ വിലയിനത്തിൽ നഷ്ടമായ 38,475/- രൂപ അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 3-10 എയറോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റ്-പ്രവർത്തനം ആരംഭിച്ചിട്ടില്ല-പാഴ്ചെലവ് തുക- 91,042/-രൂപ

പ്രോജക്ട് നം. -143/18

പ്രോജക്ടിന്റെ പേര് – എയ്റോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ്

അടങ്കൽ തുക – 1,00,000/-രൂപ

ഫണ്ടിനം – വികസന ഫണ്ട് (ജനറൽ)

ചെലവഴിച്ച തുക – 91,042/-രൂപ

ബിൽ നം./തീയതി – 45/26.03.2018

കിഴക്കേകല്ലട മാർക്കറ്റിലെ ജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് വികസനഫണ്ടിൽ നിന്ന് 91, 042/- രൂപ ചെലവഴിച്ച് നിർമ്മിച്ച എയറോബിക് ബിൻ കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല.സ്ഥല പരിശോധനാവേളയിൽ മാലിന്യ നിർമ്മാർജ്ജനത്തിന് നിർമ്മിച്ച കമ്പോസ്റ്റിംഗ് യൂണിറ്റ് കാട് പിടിച്ച് പ്രവർത്തനയോഗ്യമല്ലാത്ത അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടു. നിലവിൽ നിരുപയോഗമായി തുടരുന്ന എയ്റോബിക് ബിൻ കമ്പോസ്റ്റ് യൂണിറ്റിനായി ചെലവഴിച്ച തുക പാഴ്ചെലവായി പരിഗണിച്ച് പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു.

മാർക്കറ്റിലെ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് അടിയന്തിര പ്രാധാന്യം നല്കി നിർമ്മിച്ച കമ്പോസ്റ്റിംഗ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-2017 | 75,000 | പാലിയേറ്റീവ് കെയർ | 0 | 75,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,75,000 | വാറുവിള-പ്ളാവിള റോഡ് പാർശ്വഭിത്തി നിർമ്മാണം | 0 | 1,75,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 1,50,000 | പറങ്കിമാം വിളതെക്കേ അറ്റത്ത് വിള റോഡ് 2ാം മെറ്റലിംഗും ടാറിംഗും | 0 | 1,50,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 5,00,000 | പാലിന് സബ്സിഡി | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 3,13,378 | സമഗ്രനെൽകൃഷിവികസനം | 3,13,378 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,80,000 | റോഡ് കോൺക്രീറ്റിംഗ് | 1,79,946 | 54 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,00,000 | പൂരകപോഷകാഹാരം | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,50,000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 3,70,000 | റോഡ് ടാറിംഗ് | 1,50,000 | 2,20,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,50,000 | സൈഡ് വാൾ | 1,25,230 | 24,770 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,25,000 | പാലിയേറ്റീവ് കെയർ | 125,000 | ---- |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 2,10,000 | പാലിന് സബ്സിഡി | 2,10,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 2,50,000 | പൂരകപോഷകാഹാരം | 2,50,000 | 0 |

ക്ലോസിംഗ് ബാലൻസിലെ അപാകത ഖണ്ഡിക 1-12-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം., തീയതി | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർഅതോറിറ്റി | വാട്ടർ കണക്ഷൻ | 21700956/17, 24.2.2018 | 1,00,000 | 0 | 1,00,000 |
| കേരള വാട്ടർഅതോറിറ്റി | വാട്ടർ കണക്ഷൻ | 21700957/17 24.2.2018 | 21,000 | 0 | 21,000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701037/18 14.03.2018 | 4,49,620 | 0 | 4,49,620 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21701117/18 24.3.2018 | 10,43,000 | 0 | 10,43,000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | ഇടിയക്കടവ് കുടിവെള്ള പദ്ധതി | 21700955/18 24.2.2018 | 2,37,726 | 0 | 2,37,726 |
| പൊതുമരാമത്ത് വകുപ്പ് | അങ്കണവാടി നിർമ്മാണം | 21700868/18 18.9.17 | 5,40,000 | 0 | 5,40,000 |
| പൊതുമരാമത്ത് വകുപ്പ് | അങ്കണവാടി നിർമ്മാണം | 21700868/18 18.9.17 | 1,20,000 | 0 | 1,20,000 |
| പൊതുമരാമത്ത് വകുപ്പ് | അങ്കണവാടി നിർമ്മാണം | 21700868/18 31.3.18 | 40,000 | 0 | 40,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,82,282/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 & 2011-2012 | 3(11) | 1,79,416 | ക്ലമന്റ്, സെക്രട്ടറി | 117020900025/ 19.07.17 |
| 2016-2017 | ഭാഗം-3 | 2,366 | എ.ഇ., എൽ.എസ്.ജി.ഡി. | 117010100741/ 19.07.17 |
| 2016-2017 | ഭാഗം-2 | 500 | രാജേഷ്, ക്ലാർക്ക് | 117010100689/ 13.07.17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11, 2011-12 | 3.11 | 2014-15 | 4-1-10 | വൃദ്ധസദനത്തിന് റിവോൾവിംഗ് ചെയർ | 2017-18ൽ വയോജനമിത്രം പകൽവീട് സ്പിൽഓവർ പ്രോജക്ടിന് അംഗീകാരം കിട്ടിയിട്ടുണ്ട്. |
| 2012-13 | 1.4 | 2014-15 | 4-1-06 | കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | കൃഷിഭവൻ കെട്ടിടം മെയിന്റനൻസും ഇലക്ട്രിഫിക്കേഷനും നടത്തി ഉപയോഗപ്രദമാക്കിയിട്ടുള്ളതാണ്. ഉടൻ തന്നെ ടി കെട്ടിടത്തിലേയ്ക്ക് ഓഫീസ് പ്രവർത്തനം മാറ്റുന്നതാണ് |
| 2012-13 | 1.5 | 2014-15 | | മിനി സ്റ്റേഡിയം നിർമ്മാണം | --------- |
| 2016-2017 | 2-1, 2-2 | 2016-2017 | 2-1, 2-2 | തൊഴിൽ നികുതി | --------- |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 5,72,41,708/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,43,28,299/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,50,170/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 30,66,888/- |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | - | 1. | 12,566 | ശ്രീമതി.റീജാ.എസ്.ധരൻ, കൃഷി ഓഫീസർ |
| | | 2. | 12,559 | ശ്രീമതി.രതി വിജയൻ, കമ്മിറ്റി അംഗം |
| | | 3. | 12,559 | ശ്രീ.അനിൽ ജോർജ്ജ്, കമ്മിറ്റി അംഗം |
| | | 4. | 12,559 | ശ്രീ.എൻ. വിജയൻ, കമ്മിറ്റി അംഗം |
| | | 5. | 12,559 | കുമാരി സച്ചു, കമ്മിറ്റി അംഗം |
| | | 6. | 12,559 | ശ്രീമതി.യമുന, കമ്മിറ്റി അംഗം |
| | | 7. | 12,559 | ശ്രീമതി.മേരിക്കുട്ടി ജോയി, കമ്മിറ്റി അംഗം |

| | | | | |
|---|---|---|---|---|
| | | 8. | 12,559 | ശ്രീമതി.സുമ.പി,<br>കമ്മിറ്റി അംഗം |
| | | 9. | 12,559 | ശ്രീമതി.ശശികല .എസ്,<br>കമ്മിറ്റി അംഗം |
| | | 10. | 12,559 | ശ്രീമതി.രാധാമണി.കെ,<br>കമ്മിറ്റി അംഗം |
| | | 11. | 12,559 | ശ്രീ.കല്ലട ഫ്രാൻസിസ്,<br>കമ്മിറ്റി അംഗം |
| | | 12. | 12,559 | ശ്രീ.സതീഷ് കുമാർ.ബി,<br>കമ്മിറ്റി അംഗം |
| | | 13. | 12,559 | ശ്രീ.ക്ലീറ്റസ്.ജെ,<br>കമ്മിറ്റി അംഗം |
| | | 14. | 12,559 | ശ്രീ.പാച്ചൻ.കെ,<br>കമ്മിറ്റി അംഗം |
| 3-2 | - | 2,000/- | | ശ്രീ.സനൽകുമാർ,<br>ഡയറിഫാം ഇൻസ്ട്രക്ടർ |
| 3-3 | - | 7,860/- | | ശ്രീ. എം.ജ്യോതിരാജ്.,<br>സെക്രട്ടറി |
| 3-4 | - | 2,900/- | | ശ്രീ.ബി.വിനയ<br>കുമാർ,<br>അസി. സെക്രട്ടറി |
| 3-6 | - | 23,102/- | | ശ്രീ. എം.ജ്യോതിരാജ്.,<br>സെക്രട്ടറി |
| 3-9 | - | 38,475/- | | ശ്രീ. വിഷ്ണു.ആർ,<br>അസിസ്റ്റന്റ് എഞ്ചിനീയർ. |
| ആകെ | | 2,50,170/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1,25,000/- | ശ്രീ.കെ.പി.ബാബു, വി.ഇ.ഒ. |
| 3-8 | 28,50,846/- | ശ്രീ.എം.ജ്യോതിരാജ്, സെക്രട്ടറി |
| 3-9 | 91,042/- | ശ്രീ. വിഷ്ണു.ആർ, അസി.എഞ്ചിനിയർ, എൽ.എസ്.ജി.ഡി. |
| ആകെ | 30,66,888/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.ജ്യോതിരാജ്., സെക്രട്ടറി | സെക്രട്ടറി, കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത് | സ്വം, മുഖത്തല പി.ഒ., കൊല്ലം |
| ശ്രീ.ബി.വിനയകുമാർ, അസി. സെക്രട്ടറി | സെക്രട്ടറി, അമ്പലവയൽ | വിനയ ഭവനം, പുനക്കന്നൂർ, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | പെരുമ്പുഴ പി.ഒ. |
| ശ്രീമതി.റീജാ.എസ്.ധരൻ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കഴക്കൂട്ടം കൃഷി ഭവൻ | ദേവദത്തം,<br>ഇളംപ പി.ഒ.,<br>ആറ്റിങ്ങൽ |
| ശ്രീ.സനൽകുമാർ,<br>ഡയറിഫാം ഇൻസ്ട്രക്ടർ | ഡയറിഫാം<br>ഇൻസ്ട്രക്ടർ<br>അതിയന്നൂർ<br>ഡയറിഫാം | കൃഷ്ണവിഹാർ,<br>റ്റി.സി.48,<br>1354 ദാസ് നഗർ |
| ശ്രീ.കെ.പി.ബാബു,<br>വി.ഇ.ഒ. | വി.ഇ.ഒ.<br>തൃക്കരുവ<br>ഗ്രാമപഞ്ചായത്ത് | തിരുവാതിര,<br>തെക്കേവിള പി.ഒ. |
| വിഷ്ണു.ആർ,<br>അസി.എഞ്ചിനിയർ,<br>എൽ.എസ്.ജി.ഡി. | അസി.എഞ്ചിനിയർ,<br>കിഴക്കേ കല്ലട<br>ഗ്രാമപഞ്ചായത്ത് | നന്ദനം,<br>ടി.സി.55/1648/<br>2<br>അമ്പനാട് ലൈൻ,<br>കൈനനം,<br>തിരുവനന്തപുരം40 |
| ശ്രീമതി.രതി വിജയൻ,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | കോയിക്കലഴികത്ത്,<br>കോയിക്കൽ,<br>കിഴക്കേകല്ലട<br>-691502 |
| ശ്രീ.അനിൽ ജോർജ്ജ്,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | കൈലാത്ത് ഹൗസ്,<br>മറവൂർ,<br>കിഴക്കേകല്ലട<br>-691502 |
| ശ്രീ.എൻ. വിജയൻ,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | കൊച്ചുപൂട്ടിൽ വീട്,<br>ഉപ്പൂട്<br>കിഴക്കേകല്ലട<br>-691502 |
| കുമാരി സച്ചു,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | കോട്ടൂർ വീട്,<br>നിലമേൽ,<br>കിഴക്കേകല്ലട |

| | | |
|---|---|---|
| | | -691502 |
| ശ്രീമതി.യമുന,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | ബംഗ്ലാവിൽ<br>വടക്കതിൽ,<br>തെക്കേമുറി,<br>കിഴക്കേകല്ലട<br>-691502 |
| ശ്രീമതി.മേരിക്കുട്ടി<br>ജോയി,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | കുഴിക്കര, ഓണമ്പലം<br>കിഴക്കേകല്ലട<br>-691502 |
| ശ്രീമതി.സുമ.പി,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | എ.ജെ.ഹൗസ്,<br>തെക്കേമുറി<br>കിഴക്കേകല്ലട<br>-691502 |
| ശ്രീമതി.ശശികല .എസ്,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | മനോജ് ഭവനം,<br>താഴത്തുമുറി<br>കിഴക്കേകല്ലട<br>-691502 |
| ശ്രീമതി.രാധാമണി.കെ,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | ശാന്താലയം, മുട്ടം<br>കിഴക്കേകല്ലട<br>-691502 |
| ശ്രീ.കല്ലട ഫ്രാൻസിസ്,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | ഉദയപുരം, കൊട്ടുവിള<br>കിഴക്കേകല്ലട<br>-691502 |
| ശ്രീ.സതീഷ് കുമാർ.ബി,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | വലിയവീട്, കൊട്ടുവിള<br>കിഴക്കേകല്ലട<br>-691502 |
| ശ്രീ.ക്ലീറ്റസ്.ജെ,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | ഷാജി ഭവനം,<br>കൊട്ടുവിള<br>കിഴക്കേകല്ലട<br>-691502 |
| ശ്രീ.പാച്ചൻ.കെ,<br>കമ്മിറ്റി അംഗം | കമ്മിറ്റി അംഗം | ബീനാലയം, താഴം<br>കിഴക്കേകല്ലട |

| | | |
|---|---|---|
| | | -691502 |

## 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 8 |
| 98-99 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 5 |
| 99-2000 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 22 |
| 2000-01 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 13 |
| 2001-02 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 15 |
| 2002-03 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 12 |
| 2003-04 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 8 |
| 2004-05 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 22 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം./പി.4/436/18 /28.2.18 | 23 |
| 2006-07 | എൽ.എഫ്.ക്യൂപി1/2149/2015/18.03.16 | 22 |
| 2007-08 | എൽ.എഫ്.ക്യൂപി1/2150/2015/16.03.16 | 22 |
| 2008-09 | എൽ.എഫ്.ക്യൂപി.1/386/2014/26-6-14 | 13 |
| 2009-10 | എൽ.എഫ്.ക്യൂപി.1/386/2014/26-6-14 | 11 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.എൽ.എം./പി 1/2152/15 /19-03-2016 | 12 |
| 2012-13 | കെ.എസ്.എ.-കെ.എൽ.എം./പി 1/2998/14 /17-03-2016 | 15 |
| 2013-14 & 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി1/430/2016/09-05-17 | 30 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി4/223/17 /23-12-2017 | 15 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം./പി 4/1446/17 /23.03.18 | 19 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## 4-11 അനുബന്ധം-1

കെ.എസ്.എ. കെ.എൽ.എം - പി.4/247/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –28/3/2019

## സാക്ഷ്യപത്രം 2017-18

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം 2

## സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്